ലേഖനം നമ്പർ - 15

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

### വിശ്വാസപ്രമാണം:

നിഖ്യായിൽ കൂടിയ 318 പിതാക്കന്മാരാൽ സ്ഥിരപ്പെടുത്തിയ നിഖ്യാവിശ്വാസ പ്രമാണത്തോട് (A.D. 325) കുസ്തന്തീനോസ് പോലീസ് (A.D. 381), എപ്പേസൂസ് (A.D. 931) എന്നീ സുന്നഹദോസിലും കൂട്ടിച്ചേർത്ത വിശ്വസ പ്രമാണമാണ് നാം ഇന്ന് അംഗീകരിച്ചിരിക്കുന്നത്. പിതാവ്, പുത്ര, പരിശുദ്ധാത്മാവിലും, സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു എന്ന് വിശ്വാസികൾ സമ്മതിക്കുന്നു.

ഈ സമയത്ത് പട്ടക്കാരൻ കൈ വിരലുകൾ കഴുകി തുടക്കുന്നത്, പെസഹാ ദിവസം മിശിഹാ ശിഷ്യന്മാരുടെ കാലുകഴുകി തുടച്ചതിനെ അനുസ്മരിച്ചാണ്. പെസഹാവിരുന്നിന് മുമ്പ് നടത്തിയതുപോലെ വിശുദ്ധ കുർബ്ബാനയാകുന്ന വിരുന്നിന്റെ അതിപ്രധാനമായ ശുശ്രൂഷയ്ക്കു മുമ്പായി പാപമാലിന്യങ്ങളെ കഴുകി വെടിപ്പാക്കി വിശുദ്ധിയിലേക്ക് അടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

തുടർന്ന് പട്ടക്കാരൻ പടിഞ്ഞാറോട്ടു വന്ന് ജനത്തിനു മുമ്പാകെ കൈകൾ മലർത്തി സഹോദരൻമാരേ, ഗുരുക്കൻമാരേ ഞാൻ അർപ്പിക്കുവാൻ പോകുന്ന വി. ബലി അംഗീകരിക്കപ്പെടുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് തലവണങ്ങി ശുബ്ക്കോനോ ചോദിക്കുമ്പോൾ ജനങ്ങളും തങ്ങളുടെ തലകളെ വണങ്ങി ശുബ്ക്കോനോ നൽകേണ്ടതാണ് (ഇവിടെ പരസ്പരം ക്ഷമിക്കുവാനും, പ്രാർത്ഥിക്കുവാനുമുള്ള സമയമാണ്). ജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിച്ചതിനു ശേഷം പട്ടക്കാരൻ വി. ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി രഹസ്യ പ്രാർത്ഥന നടത്തുന്നു. തന്റെ പാപങ്ങളുടെ മോചനത്തിനു യാചിക്കുന്നതിനു പുറമേ വി. കുർബ്ബാനയിൽ ജീവനുള്ളവരും മരിച്ചവരുമായി ഓർക്കുന്നതിനു പേരെഴുതി കൊടുത്തിട്ടുള്ളവരെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കയും, വിരിക്കൂട്ടിന്മേൽ കുരിശടയാളം വരക്കുകയും ചെയ്യുന്നു.

ധൂപംകാട്ടി ശുശ്രൂഷകൻ ഹൈക്ക്ലായിൽ പടിഞ്ഞാറേ അറ്റം വരെ വന്നു തിരിഞ്ഞു പോകുന്നത് ത്രിത്വത്തിലുള്ള വിശ്വാസത്തെ ഏറ്റുപറഞ്ഞ് വി.കുർബ്ബാന ആരംഭിക്കണമെന്ന് ജനത്തെ അറിയിക്കുവാനും ധൂപത്താൽ ശുദ്ധീകരിക്കുന്നതിനുമാണ്. മിശിഹാ സ്വർഗ്ഗത്തിൽ നിന്നിറങ്ങി ഭൂമിയിലൊക്കെയും സഞ്ചരിച്ചതിനുശേഷം വീണ്ടും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനെ ദൃഷ്ടാന്തപ്പെടുത്തുവാനും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസപ്രമാണം ചൊല്ലിയതിനുശേഷം വി. കുർബ്ബാന അനുഷ്ഠാനം ആരംഭിക്കുകയാണ്. ഇതുവരെ വി. കുർബ്ബാനയ്ക്കുള്ള ഒരുക്കങ്ങളായിരുന്നു. വിശ്വാസികൾക്ക് മാത്രമാണ് വി. കുർബ്ബാനയിൽ സംബന്ധിക്കുവാനുള്ള അവകാശം. അതുകൊണ്ട് വിശ്വാസികൾ അല്ലാത്തവർ ധൂപംവീശി പടിഞ്ഞാറോട്ടു വരുമ്പോൾ പുറത്തുപോകണമെന്നതിന്റെ മുന്നറിയിപ്പുകൂടിയാണ് ശുശ്രൂഷക്കാരന്റെ ഈ വരവ് പട്ടക്കാരൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന സമയത്ത് ആ സമയത്തിന്റെ പ്രത്യേകതയെ വിളിച്ചോതുന്നു.

യാചിക്കേണ്ടും സമയമിതാ, ..........................
............അട്ടഹസിച്ചുരചെയ്യേണം..................... എന്ന ഗീതം ഒരാളോ, ഗായക സംഘമോ ആലപിക്കുമ്പോൾ വിശ്വാസികൾ പേരെഴുതിക്കൊടുക്കുന്നവർക്കുവേണ്ടിയും മറ്റെല്ലാവർക്കും വേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*(തുടരും...)* ■

***അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.***

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :**

July 06 - 7.00 a.m., July 13 - 10.30 a.m.,
July. 20 - 7.00 a .m., July 27 - 10.30 a.m.,Aug.03 - 7.00 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :**

July 13 - 7.30 a.m., July 27 - 7.30 a.m.
എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### വിശേഷ ദിവസങ്ങൾ

| | |
|---|---|
| **ജൂലൈ** | |
| 03 വ്യാഴം | വി. മാർത്തോമാ ശ്ലീഹയുടെ ഓർമ്മ |
| 15 ചൊവ്വ | മാർകുരിയാക്കോസ് സഹദായുടെയും അമ്മ യൂലീത്തിയുടെയും ഓർമ്മ |
| **ഓഗസ്റ്റ്** | |
| 01 വെള്ളി | പതിനഞ്ചു നോമ്പാരംഭം |

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 8 ● ISSUE : 7 JULY 2014

## എഡിറ്റോറിയൽ

# കരയുവാൻ പഠിപ്പിക്കേണമെ !

ദുഃഖം ആർക്കും ഇഷ്ടമുള്ള കാര്യമല്ല. സാധാരണ ജീവിതത്തിൽ കരയുവാനിടവരരുതെ എന്നായിരിക്കും ആളുകൾ പ്രാർത്ഥിക്കുക. ബൈബിളിലെ ഏറ്റവും ചെറിയ വാക്യമായറിയപ്പെടുന്നത് "യേശു കരഞ്ഞു" എന്ന വാക്യമാണല്ലൊ(യോഹ 11:35). ഇവിടെ ലാസറിന്റെ കല്ലറ കണ്ട് യേശു കരഞ്ഞത് അവരോടുള്ള അടുപ്പം കൊണ്ടായിരുന്നില്ല, എന്നാലോ മൂന്നരവർഷം തന്നോടുകൂടെ നടന്നിട്ടും തന്നെ മനസ്സിലാക്കാത്ത ശിഷ്യന്മാരുടെ വിശ്വാസക്കുറവ് ഓർത്തിട്ടായിരുന്നു. യരുശലേമിന്റെ സ്ഥിതി കണ്ടും യേശു കരയുന്നു. "അവൻ നഗരത്തിനു(യേരുശലേം) സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ച് കരഞ്ഞു" (ലൂക്കോ 19: 41). യരുശലേം റോമാക്കാരാൽ നശിപ്പിക്കപ്പെടുമെന്ന് (എ.ഡി. 66–70) യേശുവിന് നേരത്തെ തന്നെ അറിയാമായിരുന്നു. രണ്ടു പ്രാവശ്യമാണ് യേശുക്രിസ്തു കരഞ്ഞതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നാം നമുക്കു വേണ്ടി കരയാതിരിക്കുക. നാം കരയുന്നത് എപ്പോഴും മറ്റുള്ളവർക്കു വേണ്ടിയാവണം. അവരവർക്ക് ദുഃഖവും, അപകടവും സംഭവിക്കുമ്പോൾ മാത്രം കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്ന ധാരാളമാളുകളെ കാണാറുണ്ട്. മറ്റുള്ളവരുടെ ദുഃഖത്തിലും, പ്രയാസങ്ങളിലും കരയുവാൻ കഴിയുന്നവർ വിരളം. അങ്ങിനെയുള്ള കരച്ചിൽ ഫലം തരുമെന്നുള്ളത് നിശ്ചയം. മറ്റുള്ളവർക്കുവേണ്ടിയുള്ള നമ്മുടെ കരഞ്ഞുകൊണ്ടുള്ള പ്രാർത്ഥന, നമ്മുടെയും രക്ഷയ്ക്കായി ദൈവം കണക്കിടും.

മറ്റുള്ളവരെ കരുതുവാൻ കഴിയാത്ത നാം നമ്മുടെ നിസ്സഹായാവസ്ഥ കരഞ്ഞു കൊണ്ട് ദൈവമുമ്പാകെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രാർത്ഥനാ സമയത്ത് കരയുവാൻ കഴിയുന്നത് ഹൃദയ നൈർമല്യമുള്ളവർക്കു മാത്രം സാധിക്കുന്ന ഒന്നാണ്. അങ്ങിനെയുള്ളവർക്ക് സ്വന്ത ആവശ്യങ്ങൾ ചോദിക്കാതെ തന്നെ ദൈവം നൽകിക്കൊണ്ടിരിക്കും.

നാം നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നതു പോലെയല്ല, മറ്റുള്ളവർ നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നത്. നമ്മുടെ മഹത്വം, നാം മറ്റുള്ളവർക്കായി പ്രാർത്ഥിക്കുകയും, അവരെ കരുതുകയും ചെയ്യുമ്പോഴാണ്. കരഞ്ഞുകൊണ്ടുള്ള നമ്മുടെ അപേക്ഷ, പ്രത്യേകിച്ചും മറ്റുള്ളവർക്കു വേണ്ടിയാണെങ്കിൽ ദൈവം കേൾക്കാതിരിക്കയില്ല. ദൈവമുമ്പാകെ കരയുവാൻ വിശ്വാസികൾക്കു മാത്രമെ സാധിക്കയുള്ളല്ലൊ.

പീഢാനുഭവസമയത്ത് യേശുവിനെ അനുഗമിച്ച സ്ത്രീകളോട് യേശു പറഞ്ഞത് "യേരുശലേം പുത്രിമാരെ എന്നെ ചൊല്ലി കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ" (ലൂക്കോ 23:28) എന്നാണ്. യരുശലേം മക്കളെയോർത്ത്, അവർ നശിച്ചു പോകാതിരിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവാനാണ് യേശു അവരോട് ആവശ്യപ്പെടുന്നത്.

ഇനിയും കണ്ണുനീരിനെക്കുറിച്ച് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കാം. "എന്റെ കണ്ണുനീർ രാവും പകലും എന്റെ ആഹാരമായി തീർന്നിരിക്കുന്നു" (സങ്കീ. 42:3). എത്ര മനോഹരവും അർത്ഥവത്തായതുമായ വാക്യം. കണ്ണുനീർ കൊണ്ട് നാം തന്നെ പരിപോഷിപ്പിക്കപ്പെടുന്ന അവസ്ഥ. നമ്മുടെ സമൃദ്ധിയുടെയും, ഇഹലോക സൗഭാഗ്യങ്ങളുടെയും കാലത്തെക്കാൾ നാം ആത്മീയ വളർച്ച പ്രാപിക്കുന്നത് നമ്മുടെ കഷ്ടകാലത്താണെന്നു കാണാം. അതുകൊണ്ട് നമ്മുടെ ദിനംതോറുമുള്ള അനുഭവം കണ്ണുനീരാണെങ്കിലും, നമുക്ക് ദുഃഖിക്കാനില്ല, സന്തോഷിക്കയത്രെ വേണ്ടത്. മറ്റുള്ളവർക്കായി കരയാൻ മനസ്സുള്ള നാം, കണ്ണുനീരാൽ നമ്മുടെ ആത്മീയ വളർച്ച പ്രാപിക്കാൻ സഹായകമായെങ്കിൽ എത്ര ധന്യം.

സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെടുന്ന പോഷകാഹാരമായ കണ്ണുനീർ നാം വെറുക്കുകയോ, നിഷേധിക്കയോ ചെയ്യരുത്. ലൗകീകമായ കണ്ണുനീരിന് നമ്മുടെ ആത്മാവിന് പോഷണവും, നിത്യകിരീടങ്ങളെ അലങ്കരിക്കുന്ന രത്നങ്ങളും ആയിത്തീരുവാൻ കഴിയും. നമ്മുടെ കണ്ണുനീർ നമ്മുടെ പ്രിയ രക്ഷകനോട് നമ്മെ കൂടുതൽ അടുപ്പിക്കയും ചെയ്യും. ■

## ഇടയ ലേഖനം

# നഭസ്സിൽ പ്രഭാപൂരം



(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)

അസുലഭവും അപൂർവ്വവുമായ ഒരു ആത്മീക വ്യക്തിത്വത്തിന്റെ ഭൗതിക ദേഹാന്തമായിരുന്നു 2014 മെയ് 26 നു ത്രിസന്ധ്യമായുമ്പോൾ പരുമലയിൽ സംഭവിച്ചത്. ഉത്തമനായ ഒരു സന്യാസിയുടെ സമാധി ഒരിക്കലും ദുഃഖജന്യമോ നഷ്ടമോ എന്നു പരിഗണിക്കപ്പെടാറില്ല. ഒരു സമയത്ത്, ചിലപ്പോൾ അവർ തന്നെ അറിഞ്ഞു നിശ്ചയിക്കുന്ന മുഹൂർത്തത്തിൽ ദേഹം വെടിയുക എന്നത് ഭാരതീയ മുനിപാരമ്പര്യത്തിൽ പരിചിതമാണ്. അത്തരമൊരു മാറ്റത്തെപ്പറ്റി ഖേദിക്കാനൊന്നുമില്ല. ക്രൈസ്തവ വേദ പരിജ്ഞാനത്തിൽ, അവധൂതന്മാർ "പിതാക്കളോടു ചേരുകയാണ്". മരണമെന്ന പ്രതിഭാസത്തെ ദൈവപുത്രൻ മനുഷ്യരൂപത്തിലെത്തി പരാജയപ്പെടുത്തിയതിനാൽ, അതിന്റെ മൂർച്ചയും കാഠിന്യവും തീർത്തും ഇല്ലാതായി. അജ്ഞാനത്തിൽ നിന്നും സത്യത്തിന്റെ തിരിച്ചറിവിലേക്കും, അന്ധകാരത്തിന്റെ കാളിമയിൽ നിന്നും പ്രകാശ പ്രവാഹത്തിലേക്കും നീങ്ങുന്നതിൽ വാസ്തവത്തിൽ ആഹ്ലാദമാണുണ്ടാകേണ്ടത്!

93 വർഷത്തെ 'പരദേശപ്രയാണം' തികച്ച് മഹത്വത്തിലേക്ക് നീങ്ങിയ പരിശുദ്ധ ബസ്സേലിയോസ് ദിദിമോസ് ഒന്നാമൻ വലിയ ബാവ, ഇത്തരമൊരു മൗനതേജസ്സായിരുന്നു. മൗനമെന്ന, ഗംഭീര നിശ്ശബ്ദത ഈ പ്രപഞ്ചത്തിന്റെ പ്രാണനും പ്രഭാവവുമാണ്. അതിനു വെളിച്ചം പകരുന്ന വിശുദ്ധിയും, നിഷ്ഠാജീവിതവും കൂടിയായാൽ, നിർവ്വചിക്കാനാവാത്ത അസാമാന്യതയാണത്. മുക്കാൽ നൂറ്റാണ്ടു നീങ്ങുന്ന സന്യാസ ജീവിതം ഒരു പോറൽ പോലുമേൽക്കാതെ, നിരാക്ഷേപമായി, ശാന്തമായി നയിച്ചത്, തികച്ചും അസാധാരണമാണ്. പരിശുദ്ധ പരുമല പുണ്യവാളനിലും മറ്റും കണ്ട ഋഷിത്വത്തിന്റെ മറ്റൊരു പതിപ്പാണിത്.

ലൗകീകമായതൊന്നിനാലും ആകർഷിക്കപ്പെടാതെ, ഉള്ള സ്ഥിതിയിലും ഇല്ലാത്തയവസ്ഥയിലും സമഭാവത്തോടെ, എല്ലാം പ്രാർത്ഥനയോടെ ദൈവത്തിലർപ്പിച്ച ഈ അവധൂതശ്രേഷ്ഠനിൽ സഭ വിശ്വാസമർപ്പിച്ചതിൽ അത്ഭുതമില്ല. പ്രചണ്ഡനായ വേദശാസ്ത്രജ്ഞനായോ, സമൂഹത്തെ വിറപ്പിക്കുന്ന നയതന്ത്രജ്ഞനായോ, പ്രഭാഷണകലക്ക് അലങ്കാരമായ സരസ്വതീ പൂരിതനായോ, അറിയപ്പെടാതിരുന്ന ഈ സഭാപിതാവ് ഇതെല്ലാമായിരുന്നു. ഒരു പദവിയും, ഭൗതികനേട്ടങ്ങളും ഇളക്കാത്ത, എല്ലാറ്റിനോടും നിർമമത സൂക്ഷിച്ച പരിവ്രാജനായി, അക്ഷോഭ്യനായി അദ്ദേഹം നിലകൊണ്ടു. വൈകാരിക ഭാവഭേദങ്ങൾ അവിടെ തുലോം വിരളമായിരുന്നു.

സമ്മാന്യരായ പിതാക്കന്മാരിൽ നിന്ന്, പരായണവും, ശ്രവണവും, മാതൃകകളും വഴി അഭ്യസിച്ച 'നിഷ്ഠ' അണുവിട ഭംഗമന്യെ പാലിക്കുന്നതായിരുന്നു ഈ പരാമൃഷ്ട ധന്യതയുടെ അടിത്തട്ട്. അവിടെ മുടങ്ങാത്ത പ്രാർത്ഥനയും, ജാഗരണവും, നോമ്പും, ആത്മീയ അച്ചടക്കവും, നിശ്ശബ്ദതയും, നിറപടിയായി നിലനിന്നു. മനുഷ്യരെയും ഈ പ്രകൃതിയെയും, ലാളിത്യത്തെയും സ്നേഹിച്ച ഈ ആത്മീയ പ്രതിഭാധനൻ, എല്ലാറ്റിനുമുപരി ദൈവസ്നേഹത്തെ പുൽകി. അതിൽനിന്നുളവായ ആത്മീക ഗാംഭീര്യമാണ് സഹവാസികളിൽ ഭയവും ആശ്ചര്യവുമുളവാക്കിയത്. അങ്ങനെ മാവേലിക്കര എന്ന ഗ്രാമത്തിൽ ജനിച്ച കുഞ്ഞോമ്മാച്ചനെന്ന മാതാപിതാക്കളുടെ കുഞ്ഞോമന, മലങ്കരസഭയുടെ ഋഷിതുല്യനായ സാരഥിയായി. ജീവിക്കുമ്പോഴും കടന്നുപോകുമ്പോഴും എല്ലാം ശാന്തമായിരുന്നു.

പരിശുദ്ധ പിതാവേ! ഞങ്ങൾക്കായി പ്രർത്ഥിച്ചാലും. ■

## വികാരിയുടെ കത്ത്

# പ്രതിസന്ധികളിലെ വിപദി ധൈര്യം

**Prof. Fr. O.J. Jacob**



വേദപുസ്തക പണ്ഡിതന്മാർ പരിശുദ്ധ തോമസ് അപ്പോസ്തോലന്റെ സ്വഭാവം എങ്ങിനെയെന്ന് നമുക്ക് കാണിച്ചു തരുവാൻ ശ്രമിച്ചിട്ടുണ്ട്. തോമസ് വളരെ സ്നേഹവും, അൽപ്പവിശ്വാസമുള്ളവനെന്നും, പരമാർത്ഥതയും ഉറച്ച അഭിപ്രായമുള്ളവനെങ്കിലും, അദൃശ്യമായവ ദൃശ്യമായവയെക്കാൾ താണവയായി വിചാരിക്കുന്നവനെന്നും, പരമാർത്ഥതയുള്ളവനെങ്കിലും ദുഃഖ സ്വഭാവമുള്ളവനെന്നുമുള്ള വിവരണങ്ങളാണ് നമുക്ക് ലഭിച്ചിരിക്കുന്നത്.

തോമസ് ഒരു ശ്രേഷ്ഠാത്മാവായിരുന്നു. ക്രിസ്തീയ സഭ തോമസിനെപ്പറ്റി വേണ്ടവണ്ണം മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ മാന്യതയും, വിലയും വേണ്ടുംവണ്ണം അംഗീകരിക്കപ്പെട്ടിട്ടില്ല. നൂറ്റാണ്ടുകളായി അദ്ദേഹത്തെപ്പറ്റി പറയുന്ന സന്ദർഭങ്ങളിലെല്ലാം അവിശ്വാസി എന്ന വിശേഷണം ചേർത്താണ് നാം ശ്രവിച്ചിട്ടുള്ളത്. എന്നാൽ സംശയമെന്നതല്ല, ആഴവും വിശ്വസ്തവുമായ സ്നേഹമായിരുന്നു തോമസിന്റെ മുഖ്യ സ്വഭാവം. തോമസ് തെരഞ്ഞെടുക്കപ്പെട്ട ഒരു ആളത്വമായിരുന്നു. ക്രിസ്തുവിനുണ്ടായിരുന്ന ശിഷ്യന്മാരിൽ തോമസിനെക്കാൾ കൂടുതൽ ഭക്തരും, മനഃശുദ്ധിയുള്ളവരും, കൂടുതൽ ഊർജ്ജസ്വലരുമായി ആരുമില്ലായിരുന്നു. തോമസിന്റെ വിശ്വസ്ത സ്നേഹത്തിന്റെ തെളിവത്രെ വി. യോഹന്നാന്റെ സുവിശേഷം 11:16 ൽ കാണുന്നത്. "നമുക്കും അവനോടു കൂടെ മരിക്കേണ്ടതിനു പോകാം" എന്ന് സഹശിഷ്യന്മാരോട് പറയുന്നത്.

യഹൂദന്മാരുടെ ഹിംസാപരമായ പകയിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ യേശു 'പെരയ'യിലേക്ക് വാങ്ങി പോയിരുന്നു. യേശു തമ്പുരാൻ ആയിരുന്നപ്പോഴാണ് ബെഥന്യയിലെ സഹോദരിമാർ തനിക്കു "പ്രിയനായവൻ ദീനമായിക്കിടക്കുന്നു" എന്നറിയിച്ചത്. ആ അഭ്യർത്ഥനയ്ക്ക് യേശു ഉടനടി മറുപടി നൽകാതെ, രണ്ടു ദിവസങ്ങൾക്കു ശേഷം "നാം വീണ്ടും യഹൂദ്യയിലേക്ക് പോക" എന്നു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഈ ആലോചന വെറും ബുദ്ധിഭ്രമമെന്ന് ശിഷ്യന്മാർക്കു തോന്നി. അവർ എതിർത്തുകൊണ്ട് "യഹൂദന്മാർ നിന്നെ കല്ലെറിയുവാൻ അന്വേഷിക്കുന്നു എങ്കിലും നീ അവിടേക്ക് പോകുന്നുവോ?" എന്നു ചോദിച്ചു. യഹൂദ്യയിലേക്കു പോകുവാൻ തുനിയുന്നത് ഏതോ ആപത്തിലേക്കു പാഞ്ഞു പോകുന്നതിന് തുല്യമെന്ന് ശിഷ്യന്മാർക്കു തോന്നി. പോകുന്നതിന് അവർ ഭയപ്പെട്ടു. തോമസ് നിമിത്തമല്ലാഞ്ഞെങ്കിൽ ഗത്സെമനയിൽ യേശുവിനെ വിട്ടിട്ട് എല്ലാവരും ഓടിപ്പോയതുപോലെ 'പെരയ'യിലും യേശുവിനെ വിട്ടിട്ട് പൊയ്ക്കളയുമായിരുന്നു. ആ ദിവസം അവരിൽ ധീരാത്മാവുള്ളവൻ തോമസ് മാത്രമായിരുന്നു. ഹൃദയത്തിൽ നിന്ന് ഭയത്തെ പുറത്താക്കുന്ന പൂർണ്ണസ്നേഹമുള്ള തോമസ് എന്ന ഏകൻ മാത്രം. സ്വാമിഭക്തിയുടെയും, പതറാത്ത വിശ്വസ്തതയുടെയും ധൈര്യമുള്ള വാക്കുകളായിരുന്നു അവ. അവനോടു കൂടെ മരിക്കേണ്ടതിന് നാമും പോകാം എന്ന്. തളർന്നവരും, തർക്കിച്ചുനിൽക്കുന്നവരുമായ ശിഷ്യന്മാരോട് അദ്ദേഹം പറഞ്ഞു. എന്തും വരട്ടെ യേശുവിനെ തനിയെ വിടരുതെന്ന് അദ്ദേഹം നിശ്ചയിച്ചു. ആഴമുള്ളതും, പ്രസരിപ്പുള്ളതുമായ സ്നേഹത്താൽ ബന്ധിക്കപ്പെട്ട്, ജീവനായാലും, മരണമായാലും തന്റെ കർത്താവിനെ ഒരിക്കലും ഉപേക്ഷിക്കാതിരിപ്പാൻ തോമസ് നിശ്ചയിച്ചു. ഞാൻ നിന്നെ വിട്ടു പിരിയുകയില്ല എന്ന് ഏലിയാവിനോടു പറഞ്ഞ ഏലീശയും, നീ മരിക്കുന്നിടത്ത് ഞാനും മരിച്ചടക്കപ്പെടും എന്ന് നൊവോമിയോടും പറഞ്ഞ രൂത്തിന്റെയും സ്വാമി ഭക്തി, തന്റെ ഗുരുവിനു വേണ്ടി എന്തുമായിത്തീരുവാൻ സന്നദ്ധനായ തോമസിന്റെ സ്വാമിഭക്തിയോളമാകയില്ല. തോമസിന് അദ്ദേഹത്തിന്റെ സ്വന്തമായ ബലഹീനതകളും, പരാജയങ്ങളുമുണ്ട്. എന്നാൽ പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നതും, ഒരുവനെ യഥാർത്ഥ ക്രിസ്ത്യാനിയാക്കിത്തീർക്കുന്നതുമായ അതിശ്രേഷ്ഠ വരം അദ്ദേഹത്തിനുണ്ടായിരുന്നു. കളങ്കരഹിതവും, ഊർജ്ജസ്വലവും, ഹൃദയപൂർണ്ണവുമായ സ്നേഹത്തോടെ അദ്ദേഹം തന്റെ ഗുരുവിനെ സ്നേഹിച്ചു. തോമസിന്റെ വികാരപരവും ധീരവുമായ സ്നേഹം നമ്മിലുണ്ടോ? കർത്താവിനു വേണ്ടി എല്ലാറ്റിനും സന്നദ്ധനാകാനും എല്ലാം സഹിപ്പാനും കഴിയുമെന്ന് തോന്നത്തക്കവണ്ണം അത്രയ്ക്ക് നാം കർത്താവിനെ സ്നേഹിക്കുന്നുണ്ടോ? പരിശുദ്ധനായ തോമാശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ കൊണ്ടാടുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ സ്നേഹം നമ്മുടെ ജീവിതത്തിൽ പൂർണ്ണമായും കൈവരുത്തുവാൻ നമുക്കു പ്രാർത്ഥിക്കാം. ■

## കുടുംബ വിശേഷങ്ങൾ

### നാഥന്റെ സ്നേഹം

*ഇത്രയും നാൾ ഞാൻ പാപിയായിരുന്നു.......*
*പാപത്തകർച്ചയിൽ ഞാൻ വീണപ്പോൾ.....*
*നാഥാ നീയെന്നെ കൈ പിടിച്ചു. (ഇത്രയും നാൾ)*
*അങ്ങയെ മറന്നു ഞാൻ പാപ വഴിയിൽ നടന്നു.........*
*എന്നെ ചേർത്തണയ്ക്കാൻ നാഥൻ........*
*കൊതിച്ചപ്പോൾ.......... (ഇത്രയും നാൾ)*
*ദുഃഖങ്ങൾ ഓരോന്നും വന്നു ചേർന്നപ്പോൾ.......*
*നാഥാ നിന്നെ മറന്നതു ഓർത്തു ഞാൻ*
*മനമുരുകി കരഞ്ഞു.... (ഇത്രയും നാൾ)*
*അവിടുന്നു എൻ ചാരെ വന്നു......*
*എത്ര പാപിയായിരുന്നാലും......*
*നീ എനിക്ക് അമൂല്യനും പ്രിയനുമാണ്. (ഇത്രയും നാൾ)*

***ജോളി ആന്റണി***

### മാമോദീസ

പച്ചാളം ചീരൻവീട്ടിൽ ശ്രീ. സ്മിജു തമ്പിയുടെയും ശ്രീമതി സെലുമോൾ സി. രാജന്റെയും മകൻ **ജോസഫ്** 07.06.2014 –ൽ മാമോദീസാ സ്വീകരിച്ചു.

കടവന്ത്ര മാമ്പള്ളിൽ ബിജുവില്ലയിൽ ശ്രീ. ബിജു തോമസിന്റെയും ശ്രീമതി ബീന ബേബിയുടെയും മകൻ **Ryan Thomas Mampallil** 15.06.2014– ൽ മാമോദീസാ സ്വീകരിച്ചു.

എറണാകുളം SRM റോഡ് ചെറുവത്തൂർ ശ്രീ. സി.എ. അജിത്തിന്റെയും ശ്രീമതി വിനി അജിത്തിന്റെയും മകൻ **ഗീവർഗീസ് (Georgy Ajith)** 15.06.2014–ൽ പരുമല സെമിനാരിയിൽ വെച്ച് മാമോദിസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### പ്രാർത്ഥനായോഗം

| | |
|---|---|
| **St. George Unit (Kaloor Area)**<br>06.07.2014 (4.00 PM) - | Mr. V.M. Thomas<br>Shine Villa, Tagore Street<br>Deshabhimani Road<br>Ph: 2538508 |
| **St. Mary's Unit (Central Area)**<br>13.07.2014 (4.00 PM) - | M.George Mathew<br>MM Garden,<br>Church landing Road<br>Ph: 2361147 |
| **St. Thomas Unit (North Area)**<br>20.07.2014 | Mr. P.J. Jaison<br>Pulikkattil, Tata Pipeline Road,<br>Ayyappankavu<br>Ph: 2392975 |
| **St. Gregorios Unit (Elamkulam, Kadavanthra)**<br>27.07.2014 (4.00 PM) | Mathew P Varghese<br>Palathinkal H,<br>Chilavannoor Road<br>Near Varna-Varsha Flat<br>Ph: 2312641 |

### നിര്യാതനായി



എളംകുളം മാതാ റോഡ് പാലത്തിങ്കൽ ശ്രീ. **വർഗീസ് പി. വർക്കി** (63) 22.06.2014–ൽ നിര്യാതനായി. 23.06.2014–ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*





## വിവാഹം



വടുതല DD Silverstone 9A യിൽ ശ്രീ. കെ അച്ചൻകുഞ്ഞിന്റെയും ശ്രീമതി കുഞ്ഞുമോൾ അച്ചൻകുഞ്ഞിന്റെയും മകൻ **Aby John** ഉം കവിയൂർ വാരിയവീട്ടിൽ മലയിൽ ശ്രീ കെ.സി. ചാക്കോയുടെയും ശ്രീമതി ഗ്രേസിക്കുട്ടി ജോസഫിന്റെയും മകൾ **Siji Chacko** യും തമ്മിലുള്ള വിവാഹം 29.06.2014–ൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം ചെറുവത്തൂർ ശ്രീ. സി. സി. കുഞ്ഞപ്പന്റെയും ശ്രീമതി ഉഷ കുഞ്ഞപ്പന്റെയും മകൻ **Titten** ഉം കണ്ണമാലി തോടത്തുശ്ശേരി ശ്രീ ടി. ജെ. യേശുദാസിന്റെയും ശ്രീമതി ജസ്സി യേശുദാസിന്റെയും മകൾ **Marydas Divya** യും തമ്മിലുള്ള വിവാഹം 09.06.2014–ൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം Spices Street പനക്കച്ചേരിൽ ശ്രീ. പി.സി. ശാമുവേലിന്റെയും ശ്രീമതി എലിസബത്ത് ശാമുവേലിന്റെയും മകൻ **Rony P Samuel** ഉം ചെങ്ങന്നൂർ അങ്ങാടിക്കൽ മാപ്പിള വീട്ടിൽ ശ്രീ ജോർജ്ജ് എം. ചെറിയാന്റെയും ശ്രീമതി സാലി ജോർജ്ജിന്റെയും മകൾ **Renju Ann George** ഉം തമ്മിലുള്ള വിവാഹം 30.06.2014–ൽ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം പുലിക്കോട്ടിൽ ശ്രീ. പി. പി. ചിന്നന്റെയും ശ്രീമതി റീനാ ചിന്നന്റെയും (Jain Group) മകൻ **Jain** ഉം തൃശ്ശൂർ ചെറുവത്തൂർ ശ്രീ സി. സി. ശാമുവേലിന്റെയും ശ്രീമതി മിനിയുടെയും മകൾ **Rinku** വും തമ്മിലുള്ള വിവാഹം 08.06.2014–ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

# നമ്മുടെ പ്രാർത്ഥനായോഗങ്ങൾ

പരിശുദ്ധ സഭയിൽ എല്ലാ ഇടവകകളിലും വളരെ സുശക്തമായി പ്രവർത്തിക്കുന്ന ഒരു ആത്മീയ സംഘടനയാണ് പ്രാർത്ഥനാ യോഗം. ആത്മീയ ഉൽക്കർഷത്തോടൊപ്പം ഭവനക്കാർ തമ്മിലും, വ്യക്തികൾ തമ്മിലും നല്ല നിലയിലുള്ള ബന്ധങ്ങൾ സ്ഥാപിക്കുവാൻ വളരെ പ്രയോജനം ചെയ്യുന്ന ഒരു സംഘടന എന്ന നിലയിൽ അതിന്റെ പ്രാധാന്യം വളരെ വലുതാണ്. ആദിമസഭ രൂപം കൊണ്ടത് ഗാർഹികസഭകളിലായിരുന്നുവെന്ന് അപ്പോസ്തോലപ്രവർത്തികളിൽ നാം വായിക്കുന്നു. ഭവനങ്ങളിൽ കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും ആദിമ സഭ മതപരമായ ജീവിതം നയിച്ചിരുന്നതായി കാണുന്നു. ഇന്നും ചില വ്യതിയാനങ്ങളോടെ സഭയുടെ ആദിമ പ്രവർത്തന ശൈലി ഇന്നും നിലനിൽക്കുന്നു. ഭവനങ്ങളിലെ ആരാധന ഇടവകയുടെ ആത്മീയ വളർച്ചയാണ് പ്രകടമാക്കുന്നത്. നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം നിലവിൽ നാല് പ്രാർത്ഥനാ യോഗങ്ങളാണ് ഉള്ളത്. ഇനിയും കൂടുതൽ യൂണിറ്റുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. എല്ലാ പ്രാർത്ഥനായോഗയൂണിറ്റുകളും മൂന്നു മാസത്തിൽ ഒരു പ്രാവശ്യം സംയുക്തമായി സമ്മേളിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. രോഗികളും, പ്രായാധിക്യത്തിൽ കഴിയുന്നവരുമായ ആളുകളെ ഭവനങ്ങളിൽ പോയി സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരണങ്ങൾ ഉണ്ടായിരിക്കും. ഭാരവാഹികളുമായി ബന്ധപ്പെട്ട് ഈ ക്രമീകരണം പ്രയോജനപ്പെടുത്തേണ്ടതാണ്. സെന്റ് മേരീസ് യൂണിറ്റ് (സെൻട്രൽ ഏരിയ), സെന്റ് ഗ്രീഗോറിയോസ് യൂണിറ്റ് (എളംകുളം, കടവന്ത്ര ഏരിയ), സെന്റ് തോമസ് യൂണിറ്റ്(പച്ചാളം, നോർത്ത് ഏരിയ), സെന്റ് ജോർജ്ജ് യൂണിറ്റ് (കലൂർ ഏരിയ) എന്നിവ ഇടവകാംഗങ്ങളുടെ പങ്കാളിത്വത്തിൽ നല്ല നിലവാരം പുലർത്തുന്നു എന്നത് ഈ സംഘടനയുടെ സ്വീകാര്യതയാണ് വെളിപ്പെടുത്തുന്നത്. ഒരു പോരായ്മ ഉള്ളതായി തോന്നുന്നത് കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുക്കുന്നില്ല എന്നുള്ളതാണ്. ■

***Speech By***

**Dr. V.P. Gangadharan**
Oncologist
(Lakeshore Hospital, Cochin)

## "Cancer and Health"

Date: 26.07.2014, Time: 3 P.M., Venue: Cathedral Hall

**All Are Welcome**